**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 104** **04-07-2022 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ഡി കെ മുരളി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | വില്ലേജ് ഓഫീസ് മുതൽ സെക്രട്ടേറിയറ്റ് വരെ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ജനകീയ സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ജനകീയ സമിതിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വില്ലേജ് ജനകീയ സമിതി രൂപീകരിച്ചിട്ടുണ്ട്.<br><br>ഭൂസംരക്ഷണ കാര്യത്തിലും, ജനക്ഷേമ പ്രവർത്തനങ്ങളിലും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ജനങ്ങളുടെ ഭൂമി സംബന്ധമായ പ്രവർത്തനങ്ങൾക്ക് പരിഹാരം കാണുക, പൊതുജനങ്ങളുടെ സഹകരണത്തോടെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക എന്നിവയാണ് വില്ലേജ്തല ജനകീയ സമിതിയുടെ പ്രവർത്തനങ്ങൾ. |
| (ബി) | റവന്യൂ വകുപ്പിൽ നിന്ന് സർട്ടിഫിക്കറ്റ് നൽകുന്നതിനും സേവനങ്ങൾ നൽകുന്നതിനുമുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | വില്ലേജ്, താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം ആധുനിക സാങ്കേതികോപകരണങ്ങളും സാങ്കേതിക വിദ്യയും ഏർപ്പെടുത്തി ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഉണ്ട്. ഇതിലേയ്ക്കായി സംസ്ഥാനതലത്തിൽ ഐ.ടി.സെൽ പ്രവർത്തിക്കുകയും നോഡൽ ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ